
## സെന്റ് തെരേസാസ് കോൺവെന്റ് ജി എച്ച് എസ്സ് എസ്സ്,
## നെയ്യാറ്റിൻകര

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026



ഏകദേശം 99 വർഷത്തോളമായി വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിൽ അറിയപ്പെടുന്ന സെന്റ് തെരേസാസ് കോൺവെന്റ് ജി. എച്ച്. എസ്. എസ് നെയ്യാറ്റിൻകര, തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ അതിയന്നൂർ ബ്ലോക്കിൽ നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷനിൽ നിന്ന് 1.5 km അകലെയും നെയ്യാറ്റിൻകര ബസ്റ്റാന്റിൽ നിന്ന് 360 m അകലെയും കോൺവെന്റ് റോഡിൽ സ്ഥിതി ചെയ്യുന്നു. 1926-ൽ പ്രവർത്തനം ആരംഭിച്ച സ്കൂളിന് 19-06-1947-ൽ DPI-ൽ നിന്ന് അംഗീകാരം ലഭിക്കുകയും തുടർന്ന് അൺ എയ്ഡഡ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ ആയി പ്രവർത്തിച്ചു വരുന്നു.

## ഭൗതിക സാഹചര്യങ്ങൾ.

മൂന്നു നിലകളോടു കൂടിയ നാലു കെട്ടിടം (H SS BLOCK, H.S BLOCK, UP BLOCK, LP BLOCK) രണ്ടു നിലകളോടു കൂടിയ രണ്ടു കെട്ടിടം. (OFFICE BLOCK, IT BLOCK) ചുറ്റു മതിലുകളോടു കൂടിയ വിശാലമായ സ്കൂൾ പരിസരം ഓപ്പൺ സ്കൂൾ ഓഡിറ്റോറിയം, സ്കൂൾ ഓഡിറ്റോറിയം

വിശാലമായ കളിസ്ഥലം, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, പ്രൊജക്ടർ നും (ഐ.ടി. തിയറി) സ്മാർട്ട് ക്ലാസ്സ് നും, ഓഡിയോ വിഷ്വൽ നും (എച്ച്.എസ്.എസ്) കൗൺസിലിംഗ് നും, ലൈബ്രറിനും. സ്റ്റാഫ്നും, കോൺഫറൻസ് ഹാൾ, സിക്ക്നും, പ്രകൃതിരമണീയമായ ചുറ്റുപാടും, പാർക്ക്, ടോയ്‌ലറ്റ് കെട്ടിടങ്ങൾ, ഇരുചക്ര വാഹനങ്ങൾക്കും നാലു ചക്ര വാഹനങ്ങൾക്കുമുള്ള പ്രത്യേക സൗകര്യങ്ങൾ.

## സ്റ്റാഫ് കൗൺസിൽ

അധ്യാപകർ

എച്ച്. എസ്. എസ് - 11

എച്ച്. എസ് യു. പി - 32

എൽ. പി - 13

കൗൺസിലിംഗ് ടീച്ചർ - 1

ക്ലർക്ക് - 2

ലൈബ്രേറിയൻ - 1

ഓഫീസ് അസിസ്റ്റന്റ് - 1

ഇതുകൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ യോഗ, കരാട്ടെ, ഡാൻസ്, സ്പോർട്സ്, പാട്ട് എന്നീ വിഭാഗങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകുന്നു.

എൽ. പി. വിഭാഗത്തിൽ മുന്നൂറിനു മുകളിലും യു.പി വിഭാഗത്തിൽ നാനൂറിനു മുകളിലും എച്ച്. എസ് വിഭാഗത്തിൽ മുന്നൂറ്റി അൻപതിനു മുകളിലും എച്ച് എസ്.എസ് വിഭാഗത്തിൽ നൂറ്റി നാൽപതിനു മുകളിലും കുട്ടികൾ പഠിക്കുന്നു.

## നേട്ടങ്ങൾ

2024- 2025 വർഷത്തിൽ എസ്. എസ്. എൽ.സി പരീക്ഷയിൽ നൂറു ശതമാനം വിജയം കൈവരിച്ചു. 114 കുട്ടികളിൽ നിന്നും 46 പേർ ഫുൾ എ.പ്ലസും 20 പേർ 9 A+ ഉം കരസ്ഥമാക്കി. അതേ വർഷം ഹയർ സെക്കന്ററി പരീക്ഷയിൽ 84% വിജയം കരസ്ഥമാക്കി. പത്തുപേർ ഫുൾ A+ ഉം മൂന്നുപേർ 5A+ ഉം കരസ്ഥമാക്കി. ആഷ്ന എസ്. ആർ എന്ന വിദ്യാർത്ഥിനി ആയിരത്തി ഇരുന്നൂറിൽ ആയിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി അഞ്ച് മാർക്കും കരസ്ഥമാക്കി. ആ വർഷത്തെ USS സ്കോളർഷിപ്പ് പരീക്ഷയിൽ ഇരുപത്തു പേരും LSS സ്കോളർഷിപ്പ് പരീക്ഷയിൽ ഒരു കുട്ടിയും അർഹത നേടി. 2024- 2025 കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നാടോടിനൃത്തം, വഞ്ചിപ്പാട്ട്,

മോഹിനിയാട്ടം, ഹിന്ദി പദ്യം ചൊല്ലൽ, കാർട്ടൂൺ തുടങ്ങി 5 ഇനങ്ങളിൽ എ ഗ്രേഡ് കരസ്ഥമാക്കി. സംസ്ഥാനതല സ്കൂൾ ശാസ്ത്രമേളയിൽ എച്ച്.എസ് സെക്ഷൻ സയൻസ് സെമിനാറിൽ എ ഗ്രേഡും എച്ച്.എസ്.എസ് സെക്ഷൻ വർക്കിംഗ് മോഡലിലും എ. ഗ്രേഡ് കരസ്ഥമാക്കി.

സംസ്ഥാനതല പ്രവർത്തി പരിചയ മേളയിൽ ഫാബ്രിക് പെയിന്റിംഗ് യൂസിംഗ് വെജിറ്റബിൾസിൽ A ഗ്രേഡും കരസ്ഥമാക്കി. സ്കൂളിലെ വിവിധ ക്ലബുകളിലെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടക്കുന്നു.

## സ്കൂൾ പൊതുവായ പ്രവർത്തനങ്ങൾ

* 2024-2025 വർഷത്തിൽ ഫലപ്രദമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ 2025-2026 വർഷവും നടപ്പിലാക്കാൻ തീരുമാനിച്ചു.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് റെമഡിയൽ ക്ലാസ്സും അധിക സമയ ക്ലാസ്സും നൽകാൻ തീരുമാനിച്ചു.
* കലാ കായിക പ്രവർത്തനങ്ങളിൽ പ്രോത്സാഹനം
* വിവിധ ദിനാചരണങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാൻ തീരുമാനിച്ചു.
* മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകിവരുന്നു.
* പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന

നൽകിക്കൊണ്ട് ഓരോ മാസവും പ്രത്യേക പരിശീലനം നടത്തിവരുന്നു.

* അധ്യാപകർക്കുള്ള ശില്പശാല നടത്തിവരുന്നു.
* ലാബ്, ലൈബ്രറി നവീകരണം.
* കുട്ടികളിൽ ഗവേഷണാത്മക അഭിരുചി വളർത്തുന്നതിനും വൈ. ഐ. പി, ബാലശാസ്ത്ര കോൺഗ്രസ്സ് മുതലായ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ മികവ് തെളിയിക്കുന്നതിനുമായി അതാതു മേഖലകളിൽ പ്രാവീണ്യം തെളിയിച്ച പ്രശസ്തരായവരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
* ജാഗ്രതാ സമിതി, മദർ പി. ടി. എ, എന്നിവയുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ പൊതുവായ സുരക്ഷ ഉറപ്പു വരുത്തുന്നു.

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. വായനാശേഷി വർദ്ധിപ്പിക്കൽ ആശയങ്ങളും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. ചിത്രവായന പരിപോഷിപ്പിക്കൽ. | അക്ഷരം, അടയാളം, ഉച്ചാരണം, വാക്യനിർമ്മാണം, വാക്ക് നിർമ്മാണം എന്നിവ ഉറപ്പിക്കൽ. Pre test കേട്ടെഴുത്ത്, Copy എഴുത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കാം. | ജൂൺ മുതൽ ഓഗസ്റ്റ് വരെ | മലയാളം അധ്യാപകർ. |
| സാഹിത്യശേഷി വർദ്ധിപ്പിക്കൽ | സാഹിത്യകാരൻമാരെയും കൃതികളെയും പരിചയപ്പെടുക, വായനാക്കുറിപ്പ് തയ്യാറാക്കുക. | സെപ്തംബർ മുതൽ ഒക്ടോബർ വരെ | മലയാളം അധ്യാപകർ |
| നൈസർഗികമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കാനുതകുന്ന അവസരങ്ങൾ കണ്ടെത്തുക. | സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുക, ആസ്വാദനക്കുറിപ്പ്, വിലയിരുത്തൽക്കുറിപ്പ്, കവിതാരചന, കഥാരചന, ഉപന്യാസം തുടങ്ങിയവ | നവംബർ മുതൽ ഡിസംബർ വരെ | മലയാളം അധ്യാപകർ |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടു കൊണ്ടുവരുന്നതിനു വേണ്ടി ചെയ്യാവുന്ന മുന്നൊരുക്കങ്ങൾ | ചാർട്ട് പ്രദർശനം, കഥാവായന, അധികവായന, വാക്ക്നിർമ്മാണം, വാക്യനിർമ്മാണം, പദശുദ്ധി, പുസ്തകവായന, ലിപി പരിചയം | ജനുവരി മുതൽ ഫെബ്രുവരി വരെ | മലയാളം അധ്യാപകർ |

# English

| Aim | Activities | Time | Co-ordinators |
| --- | --- | --- | --- |
| To improve students Communication Skills | *Group discussion, * Roleplay *Fun with language *show videos based on lesson | June | English Teachers |
| To cultivate reading - Culture among students | * promote reading English newspapers English story books | Full Academic year | English Teachers |
| To develop listening skills of the students | • English news • English Songs • English movies | Monthly | English Teachers |
| To develop writing talents | • School Magazines • Writing Competition | Academic year | English Teachers |

# ഉപമേഖല ഹിന്ദി.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം. | ചുമതല |
|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസിൽ അക്ഷരമാല പ്രദർശനം, വാക്യനിർമ്മാണം, വാക്കുകൾ നിർമ്മാണം, HS വിഭാഗത്തിലും പിന്നോക്ക അവസ്ഥയിലുള്ള കുട്ടികളിൽ Pre Test നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം. | June to August | ഹിന്ദി ക്ലബ്ബ് ഹിന്ദി ടീച്ചേഴ്സ് |
| വീട് ഒരു പരീക്ഷണശാല. വീട്ടിൽ കാണുന്ന വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയാൻ പഠിപ്പിക്കുക. | ഗൃഹോപകരണങ്ങളുടെ പേര്, പോസ്റ്റർ നിർമ്മാണം | September to October | ,, |
| ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും, വികസിപ്പിക്കാനും ഉള്ള അവസരം. | ഹിന്ദി അസംബ്ലി, Sept 14 ഹിന്ദി ദിനം, അധികവായന | November to December | ,, |
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടുവരുന്നതിന് വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ. | അക്ഷരങ്ങൾ അറിയാത്ത കുട്ടികൾക്ക് വേണ്ടി special class എടുക്കുന്നു | January to February | ,, |

# അക്കാദമിക മാസ്റ്റർ പ്ലാൻ (സയൻസ്) HS
## 2025-2026

| Sl.No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|---|---|
| 1. | മാലിന്യ സംസ്കരണം | സ്കൂൾ പരിസര മാലിന്യ നിർമാർജ്ജനം | മെയ്-ജൂൺ | JRC Science club |
| 2. | പരിസ്ഥിതി ദിനം | സസ്യ വിതരണം. പച്ചക്കറി തോട്ടം നിർമ്മാണം, ഔഷധ തോട്ടം നിർമ്മാണം | ജൂൺ | Science club |
| 3. | ലാബ് സജ്ജീകരണം | ഉപകരണങ്ങൾ ക്രമീകരിക്കുന്നു. ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു. | ജൂൺ | Science club |
| 4. | ലഹരി വിരുദ്ധ ദിനാചരണം | ലഹരി വിരുദ്ധ നാടക അവതരണം. Placard, Poster, Quiz മത്സരങ്ങൾ സംഘടിപ്പിച്ചു. | ജൂൺ | Science club |
| 5. | ശാസ്ത്ര ക്ലബ് | ശാസ്ത്ര ക്ലബ് അദ്ധ്യക്ഷ ക്ലബ് ഒന്നിവരുടെ അദ്ധ്യക്ഷത്തിൽ റിപ്പോർട്ട് അവതരണം | ജൂലൈ | Science club. |
| 6. | ചാന്ദ്രദിനാചരണം | Quiz, painting മത്സരം Video പ്രദർശനം | ജൂലൈ | Science club |
| 7 | Fire and Safety | ബോധവത്കരണ class Video പ്രദർശനം | ജൂലൈ | Science club. |
| 8. | Health and Hygeine | വ്യക്തി ശുചിത്വ ബോധവത്കരണം, മഴക്കാല രോഗങ്ങളെ കുറിച്ച് ബോധവത്കരണം. | ആഗസ്റ്റ് | Science club. |
| 9. | ഓസോൺ ദിനാചരണം | പ്രസംഗ മത്സരം, Seminar അവതരണം poster നിർമ്മാണം Video പ്രദർശനം | സെപ്റ്റംബർ | Science club |
| 10. | ബഹിരാകാശ വാരം | ISRO പ്രവർത്തകരുമായി സംവദിക്കാനുള്ള അവസരം Poster, painting മത്സരം | ഒക്ടോബർ നവംബർ | Science club |

| | | | | |
|---|---|---|---|---|
| 11. | പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് | സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള പ്രവർത്തനം | ഡിസംബർ ജനുവരി | Science Club |
| 12. | നാഷണൽ സയൻസ് ഡേ ദിനാചരണം | ശാസ്ത്ര പ്രദർശനം വിവിധ തരം മത്സരങ്ങൾ | ഫെബ്രുവരി | Science club |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക | സ്കൂൾ പാർലമെന്റ് മോക്ക് പാർലമെന്റ് പൗരബോധം, സാമൂഹിക സേവനം ഇവയ്ക്കായുള്ള പ്രവർത്തനം | ജൂൺ | സാമൂഹിക ശാസ്ത്ര അധ്യാപകർ |
| | രാഷ്ട്രങ്ങളെ പരിചയപ്പെടുത്തുന്ന പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂലൈ | സാമൂഹിക ശാസ്ത്ര ക്ലബ് |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹിക ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ദിനാചരണങ്ങൾ, സംവാദം എന്നിവ സംഘടിപ്പിക്കൽ. | ആഗസ്റ്റ് | സാമൂഹിക ശാസ്ത്ര അധ്യാപകർ |
| കുട്ടികളിൽ ആനുകാലിക അറിവ് വർദ്ധിപ്പിക്കുക | വായനയിൽ താല്പര്യം വളർത്തുന്നതിനായി ദിനപത്രങ്ങൾ വായിച്ച് പ്രധാന വാർത്തകൾ അവതരിപ്പിക്കുന്നു. | സെപ്റ്റംബർ | സാമൂഹിക ശാസ്ത്ര ക്ലബ് |
| വ്യത്യസ്ത ഇനം മണ്ണ്, ജലാശയം, കാറ്റ് പർവ്വതങ്ങൾ, എന്നിവയെ പരിചയപ്പെടുന്നു. | ചരിത്രലാബുകളുടെ കേന്ദ്രീകരണം, കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം അനുഭവവേദ്യമാക്കുന്നു. | ഒക്ടോബർ | സാമൂഹിക ശാസ്ത്ര അധ്യാപകരും വിദ്യാർത്ഥികളും. |

| | | | |
|---|---|---|---|
| ആദിമ മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ചും പരിണാമത്തെക്കുറിച്ചും കുട്ടിക്ക് അവബോധം ലഭിക്കുന്നു. | പരിണാമകാല ഘട്ടത്തിന്റെ ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു.<br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിലേക്കായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | നവംബർ | സാമൂഹിക ശാസ്ത്ര അധ്യാപക |
| | മേളകൾക്ക് കുട്ടികളെ തയ്യാറാക്കുന്നു.<br>വിവിധ പഠനപ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തുന്നു.<br>പഠനമികവ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം. | ഡിസംബർ | |

Maths

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാ ത്തി |
|---|---|---|---|---|---|
| 1 | പിന്നാക്കവിഭാഗക്കാർ | 1).ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, ( വർക്ക് ഷീറ്റുകൾ, ഗെയിമുകൾ- പാമ്പും കോണിയും, ലൂഡോ etc) | 2025 ജൂൺ - ജൂലൈ (ആഴ്ചയിൽ 2 ദിവസം വൈകുന്നേരം സ്പെഷ്യൽ ക്ലാസ്സ്) | ഗണിതാധ്യാപകർ | |
| | | 2).ഭിന്നസംഖ്യകൾ ഉൾപ്പെട്ട ക്രിയകളുടെ പരിശീലനം ( വർക്ക് ഷീറ്റുകൾ, ടെസ്റ്റ് പേപ്പറുകൾ) | 2025 ആഗസ്റ്റ് - സെപ്റ്റംബർ (ആഴ്ചയിൽ 2 ദിവസം വൈകുന്നേരം സ്പെഷ്യൽ ക്ലാസ്സ്) | ഗണിതാധ്യാപകർ | |
| | | 3).വിവിധ ജ്യാമിതിയരൂപങ്ങളുടെ അളവുകൾ, കോണുകൾ , പ്രത്യേകതകൾ (രൂപങ്ങളുടെ നിർമ്മാണം, ഐസിടി, ജിയോജിബ്ര ) | 2025 ഒക്ടോബർ - നവംബർ (ആഴ്ചയിൽ 2 ദിവസം വൈകുന്നേരം സ്പെഷ്യൽ ക്ലാസ്സ്) | ഗണിത ക്ലബ് അംഗങ്ങൾ | 100 |
| 2 | ശരാശരിക്കാർ | 1) ഭിന്നസംഖ്യകളും ദശാംശസംഖ്യകളും ഉൾപ്പെട്ട ക്രിയകളുടെ പരിശീലനം ( വർക്ക് ഷീറ്റുകൾ, ടെസ്റ്റ് പേപ്പറുകൾ) | 2025 ജൂൺ - ജൂലൈ (ആഴ്ചയിൽ 2 ദിവസം വൈകുന്നേരം സ്പെഷ്യൽ ക്ലാസ്സ്) | ഗണിതാധ്യാപകർ | |
| | | 2). ബീജഗണിതം ഉൾപ്പെട്ട പ്രശ്നങ്ങളുടെ പരിഹാരം ( വർക്ക് ഷീറ്റുകൾ, ടെസ്റ്റ് പേപ്പറുകൾ) | 2025 ആഗസ്റ്റ് - സെപ്റ്റംബർ (ആഴ്ചയിൽ 2 ദിവസം വൈകുന്നേരം സ്പെഷ്യൽ ക്ലാസ്സ്) | ഗണിതാധ്യാപകർ | |
| | | 3). മത്സരപരീക്ഷകളിലെ ഗണിതം ( വർക്ക് ഷീറ്റുകൾ, ടെസ്റ്റ് പേപ്പറുകൾ) | 2025 ഒക്ടോബർ - നവംബർ (ആഴ്ചയിൽ 2 ദിവസം വൈകുന്നേരം സ്പെഷ്യൽ ക്ലാസ്സ്) | ഗണിതാധ്യാപകർ | |
| | | 4). [illegible] (ഗണിത ശാസ്ത്രജ്ഞൻമാരെക്കുറിച്ചും അവരുടെ സംഭാവനകളെക്കുറിച്ചുമുള്ള അറിവ് നൽകൽ, പസിലുകൾ , ജ്യോമെട്രിക് ചാർട്ട് നിർമ്മാണം) | 2025 ജനുവരി- ഫെബ്രുവരി (ആഴ്ചയിൽ 2 ദിവസം വൈകുന്നേരം സ്പെഷ്യൽ ക്ലാസ്സ്) | ഗണിത ക്ലബ് അംഗങ്ങൾ | 10 |
| 3 | മുന്നാക്കവിഭാഗക്കാർ | മത്സരപരീക്ഷകൾക്കുള്ള പരിശീലനം ( വിദഗ്ദരുടെ ക്ലാസ്സുകൾ ,വർക്ക് ഷീറ്റുകൾ, ടെസ്റ്റ് പേപ്പറുകൾ,) | | ഗണിതാധ്യാപകർ | 20 |

| | | | | | |
|---|---|---|---|---|---|
| 4 | ഗണിത മൂല | ജ്യാമിതീയരൂപങ്ങളുടെ മാതൃക ,പസിലുകൾ , ജ്യാമിതീയ പാറ്റേണുകൾ | ജൂലൈ മുതൽ | ഗണിത ക്ലബ് അംഗങ്ങൾ | 2 |
| 5 | ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | ഗണിതാധ്യാപകർ | 2 |
| 6 | ഗണിതാഭിരുചി വളർത്താനുള്ള പ്രത്യേക പരിപാടികൾ എല്ലാ കുട്ടികൾക്കും | പസിലുകൾ പരിചയപ്പെടുത്തുന്ന ഏകദിനക്യാമ്പ് | July | ഗണിതാധ്യാപകർ, ഗണിത ക്ലബ് അംഗങ്ങൾ | |
| | | ജ്യാമെട്രിക് പാറ്റേൺ പരിചയപ്പെടുത്തുന്ന ഏകദിനക്യാമ്പ് , Warli Art | August | | |
| | | ഗണിതകളികൾ പരിചയപ്പെടുത്തുന്ന ഏകദിനക്യാമ്പ്, ചെസ് മത്സരം , കക്കുറോ പസിൽ മത്സരം | September | | |

# Information Technology

| ക്രമ: നം: | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1. | Computer Lab, Theory room ക്ലാസിനു വേണ്ടി സജ്ജീകരിക്കുക | Computer, Projector എന്നിവയുടെ പ്രവർത്തനം ക്രമീകരിക്കുക | ജൂൺ ആദ്യ വാരം. |
| 2. | മാറിയ പാഠപുസ്തകവുമായി ബന്ധപ്പെട്ട ഒരു Workshop | മാറിയ പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. ആവശ്യമായ Worksheet തയ്യാറാക്കുന്നു. | ജൂൺ മാസം |
| 3. | മേളകൾക്ക് കുട്ടികളെ തയ്യാറാക്കൽ. | സ്കൂൾ തല മത്സരം സംഘടിപ്പിച്ച് മേളകൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂലൈ മാസം |
| 4. | കുട്ടികൾക്ക് ഐ.ടി യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കൂടുതൽ Class നൽകുക | Club - പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് |
| 5. | SSLC കുട്ടികൾക്ക് ആവശ്യമായ Work-Sheet നിർമ്മാണം | മാറിയ പാഠപുസ്തകത്തെ അടിസ്ഥാനമാക്കി Worksheet നിർമ്മാണം | തുടർ പ്രവർത്തനം |
| 6. | ഐ.ടി പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനം | ഐ.ടി. പരീക്ഷയ്ക്ക് തയ്യാറെടുപ്പ്, ചർച്ചകൾ | തുടർപ്രവർത്തനം |

# ആരോഗ്യ കായിക വിദ്യാഭ്യാസം

ലക്ഷ്യം

- ശാരീരിക മാനസിക വികാസത്തിലും വളർച്ചയിലും അടിസ്ഥാന പങ്കുവഹിക്കുന്ന ഘടകമാണ് സ്കൂൾ തലം. അതിനാൽ ഈ ഘട്ടത്തിൽ കുട്ടികൾക്ക് ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ അനുഭവങ്ങളെ ലക്ഷ്യമാക്കുന്ന ഒന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.
- കുട്ടികളുടെ ആരോഗ്യകായിക വികസന ഘട്ടങ്ങളെ ശാസ്ത്രീയമായി മനസ്സിലാക്കി പരിശീലിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക എന്നതാണ് കായിക പഠനത്തിന്റെ അടിസ്ഥാന ലക്ഷ്യം.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| 1 | അക്കാദമികം (ഹ്രസ്വം) | കായികക്ഷമത ശേഷി ഹൃദയ ശ്വസന വ്യവസ്ഥയും സന്തുലനവും ദീർഘനേരം നിൽക്കുന്ന കളികൾ, ചാടിനടത്തം സ്കിപ്പിംഗ്, പോട്സ്റ്റെപ്പിംഗ്, റിലേ, | ജൂൺ ജൂലൈ ആഗസ്റ്റ് | കായിക ക്ലബ് |
| 2 | അക്കാദമികം (ദീർഘം) | ഫുട്ബോൾ ശേഷി കൈവരിക്കുക ബാഡ്മിന്റൺ, ഖോഖോ ബാസ്കറ്റ്ബോൾ, അടിസ്ഥാന തന്ത്ര കൈവരിക്കുന്ന കളി നിയമങ്ങളെ സ്വായത്തമാക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | കായിക ക്ലബ് |

# പ്രവൃത്തി പരിചയ വിദ്യാഭ്യാസം

ലക്ഷ്യം

* ശാരീരിക മാനസിക വികാസങ്ങളുടെയും വളർച്ചയുടെയും അടിത്തറ രൂപപ്പെടുന്ന ഘട്ടമാണ് സ്കൂൾതലം. അതിനാൽ ഈ ഘട്ടത്തിൽ കുട്ടിവർ കുട്ടികൾക്കും മാനസിക ആരോഗ്യത്തിന് പ്രവൃത്തി പരിചയ വിദ്യാഭ്യാസം വളരെ ആവശ്യമാണ്.
* കുട്ടികളുടെ ഈ പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിലൂടെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക എന്നതാണ് പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| 1. | അക്കാദമിക (ഹ്രസ്വം) | പെൻസിൽ ചിത്രരചന<br>ജലച്ഛായം | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലബ് |
| 2. | അക്കാദമിക (ദീർഘം) | പ്രവൃത്തി പരിചയ മേഖലയിൽ മാനസിക ഉൽസാഹം തൈ വരിക്കുക<br>പാഴ്‌വസ്തുക്കളിൽ നിന്നും കരകൗശല വസ്തുക്കളുടെ നിർമ്മാണം | ജൂൺ മുതൽ ഫെബ്രുവരി വരെ | |